പെൻഷൻകാരുടെ ഡി.എ.നിരക്ക്

572 [609] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പെൻഷൻകാർക്കും ഡി.എ.നിരക്ക് ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) 1–7–1933 ലെ ശമ്പളപരിഷ്ക്കാരം നിലവിൽ വന്ന ശേഷം റിട്ടയർ ചെയ്തവർക്കും അതിനു മുൻപ് റിട്ടയർ ചെയ്ത വർക്കും ലഭിക്കുന്ന ഡി.എ.യിൽ വ്യത്യാസമുണ്ട്. അതിനു കാരണം, രണ്ട് വിഭാഗക്കാർക്കും പെൻഷനു് കണക്കാക്കുന്ന അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസമാണ്. 1–7–1933-ന് ശേഷം റിട്ടയർ ചെയ്തവർക്ക് 488 പോയിൻറ് ഡി.എ. ലയിപ്പിച്ച ശമ്പളത്തെ അടിസ്ഥാനമാക്കിയാണ് പെൻഷൻ നിശ്ചയിക്കുന്നത്. അതിനാൽ 488 പോയിൻറിനു് ഉപരിയായുള്ള വർദ്ധനവിനു് മാത്രമേ ഡി.എ. ലഭിക്കുകയുള്ളൂ. എന്നാൽ 1–7–1933 നു മുൻപ് റിട്ടയർ ചെയ്തവർക്ക് 488 പോയിൻറ് വരെയുള്ള വർദ്ധനവിനും ഡി.എ.ലഭിക്കുന്നതിനാൽ രണ്ടു വിഭാഗക്കാർക്കും ലഭിക്കുന്ന മൊത്തം ഡി.എ. തുകയ്ക്ക് താരതമ്യേന വ്യത്യാസം നിലനിൽക്കുന്നു. ഇതു് രണ്ടും ഏകീകരിക്കാൻ സാദ്ധ്യമല്ല. ഫാമിലി പെൻഷൻകാരുടെ കാര്യത്തിലും ഈ വ്യത്യാസം ഉണ്ടാകുന്നുണ്ട്. എന്നാൽ ഇപ്പോഴം നൽകിവരുന്ന ഓരോ ഗഡു ഡി.എ.യ്ക്കും രണ്ടു വിഭാഗത്തിൽപ്പെട്ടവർക്കും ഒരേ നിരക്കിൽ (രണ്ടര ശതമാനം) തന്നെയാണ് വർദ്ധനവ് അനുവദിക്കുന്നത്.

(ബി) മേൽകാണിച്ച മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളി
9.30 A.M.] ലേയ്ക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പത്രങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും നിരവധി സംഭവങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുണ്ട്. ജൂൺ പത്താം തീയതിയിലെ മലയാളമനോരമയിൽ— ഈ ഗവൺമെൻറിനെ സപ്പോർട്ട് ചെയ്യുന്ന പത്രത്തിൽത്തന്നെ—ഒരേ ദിവസം നടന്ന ആറു കൊലപാതകങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീ അബലയെന്നും ചപലയെന്നും പുരുഷൻെറ കളിപ്പാവയെന്നും ഉപഭോഗവസ്തുവെന്നുമെല്ലാമുള്ള സമൂഹത്തിൻെറ കാഴ്ചപ്പാടാണ്

LIBRARY ARCHIVES Kerala Legislative Assembly